## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.169 03.10.2011 ലെ മറുപടിയ്ക്ക്

### സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ നടപടി

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫസർ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ഡോ. കെ. ടി. ജലീൽ :

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തു നിക്ഷേപം നടത്തുന്നവർ വഞ്ചിക്കപ്പെടാതിരിക്കാൻ പ്രത്യേക നിയമം കൊണ്ടു വരാൻ ഉദ്ദേശ്യമുണ്ടോ ; | (എ) | സാമ്പത്തിക സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയിട്ടുള്ളവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി 'കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന സമഗ്ര നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | നിലവിലുള്ള നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ; | (ബി) & (സി) | ഇല്ല. നിലവിൽ ഐ.പി.സി അനുസരിച്ചാണ് നിയമ നടപടികൾ കൈക്കൊണ്ടു വരുന്നത്. കൂടാതെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കമ്പനീസ് ആക്ട്, ചിട്ടി ആക്ട്, റിസർവ് ബാങ്ക് ആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്ട്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്ട്, തുടങ്ങിയ നിയമങ്ങളും നിലവിലുണ്ട്. എന്നിരുന്നാലും സാമ്പത്തിക രംഗത്തെ തട്ടിപ്പുകൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ നിക്ഷേപകരുടെ താല്പര്യങ്ങൾക്ക് പൂർണ്ണ സംരക്ഷണം നൽകുക എന്നതാണ് പുതിയ നിയമനിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | സാമ്പത്തിക ഇടപാടുകളിലെ തട്ടിപ്പുകൾക്കും വഞ്ചനകൾക്കും എതിരെ ഏതെല്ലാം നിയമങ്ങൾക്കനുസൃതമായിട്ടാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചു വരുന്നത് ? | | |

Chandran
സെക്ഷൻ ഓഫീസർ